(എഫ്) വായ്പ അനുവദിക്കുന്നത ലും, വിതരണം ചെയ്യുന്നതിലും, പിരിച്ചെടുക്കുന്നതിലും കെ. എഫ്. സി. ഈ വർഷം നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ ഫിനാൻഷ്യൽ സർവ്വീസ്, ലീസ് ഫിനാൻസിംഗ് തുടങ്ങിയ മേഖലകളിലും കെ. എഫ്. സി. പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കെ. എഫ്. സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉപദേശക സമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനമായിട്ടുണ്ട്.

ബചത് പഞ്ചായത്തുകൾ

11. [1790] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളെ ബചത് പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പഞ്ചായത്തുകളിൽ പ്രസ്തുത പ്രഖ്യാപനത്തോട് അനുബന്ധിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷം സംസ്ഥാനത്ത് (1996 മാർച്ച് ഒന്ന് വരെ) 138 പഞ്ചായത്തുകളെ ബചത് പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുകളുടെ പേരുവിവരം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.†

(സി) "ബചത്"" ആയി പ്രഖ്യാപിക്കപ്പെടുന്ന പഞ്ചായത്തുകൾക്ക് ഗ്രാൻറായി നൽകുന്ന പരമാവധി 50,000 രൂപ പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. പൊതുവേ, റോഡുകളുടെ പുനരുദ്ധാരണം, വെയിറ്റിംഗ് ഷെഡ് നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്.

കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ ശാഖകൾ

12. [1791] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1995-96 സാമ്പത്തിക വർഷത്തിൽ കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ എത്ര ശാഖകൾ തുറന്നു ;

(ബി) എവിടെയെല്ലാം ;

(സി) ബ്രാഞ്ചുകൾ തുറക്കാൻ നിർദ്ദേശമുള്ള സ്ഥലങ്ങളിൽ അവ ഉടനടി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷത്തിൽ കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസ് ലിമിറഡിൻെറ 11 ശാഖകൾ തുറന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃശ്ശൂർ (നാലാം ശാഖ), കോന്നി, ചടയമംഗലം, തിരുവനന്തപുരം സ്റ്റാച്യു, കൊടകര, കൂത്തുപറമ്പ്, കുളത്തൂപുഴ, പാപ്പിനിശ്ശേരി, പാലക്കാട് (2-ാം ശാഖ), മാനന്തവാടി, പള്ളിമുക്ക് എന്നീ സ്ഥലങ്ങളിലാണ് കെ.എസ്.എഫ്.ഇ. ശാഖകൾ തുറന്നത്.

(സി) ബ്രാഞ്ചുകൾ തുറക്കാൻ അനുമതി നൽകിയ സ്ഥലങ്ങളിൽ അവ തുറക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കെ.എഫ്.സി. യിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന് അടച്ചുപൂട്ടിയ വ്യവസായ യൂണിറ്റുകൾ

13. [1792] ശ്രീ. ഒ. ഭരതൻ :

,, എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം കെ.എഫ്.സി. യിൽ നിന്നും വായ്പ എടുത്ത് പുതുതായി പ്രവർത്തനം ആരംഭിച്ച വ്യവസായ യൂണിറ്റുകൾ എത്ര; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിനുള്ളിൽ തവണ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ എസ്.എഫ്.സി. ആക്ട് 29-ാം വകുപ്പുപ്രകാരം അടച്ചുപൂട്ടിയ യൂണിറ്റുകളുടെ എണ്ണം എത്ര; തുറന്ന് വീണ്ടും പ്രവർത്തനം ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം എത്ര;

(സി) ടെൻഡർ വിളിച്ച് വിൽപ്പന നടത്തിയ യൂണിറ്റുകൾ എത്ര; ടെൻഡർ നടപടി കഴിഞ്ഞ് നെഗോഷ്യയേറ്റ് ചെയ്ത് വിൽപ്പന നടത്തിയ യൂണിറ്റുകൾ എത്ര ?

ഉത്തരം

(എ) 1996 ജനുവരി 31 വരെ 1577 സംരംഭകർക്ക് വായ്പ നൽകിയിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണ മേഖല	125
എൻജിനീയറിംഗ് വിഭാഗം	49
മരം/കടലാസ് വിഭാഗം	148
ഹോട്ടലുകൾ ആശുപത്രി വിഭാഗം	188
കെമിസ്റ്റ്റയിൽ വിഭാഗം	80
ട്രാൻസ്പോർട്ട് വിഭാഗം	496
മൈനിംഗ് ക്വാറിയിംഗ് വിഭാഗം	6
മറ്റു സേവന വിഭാഗം	485

(ബി) 171 എണ്ണം

41 എണ്ണം വിൽപ്പനയിലൂടെ കൈമാറ്റം ചെയ്ത് പ്രവർത്തനം ആരംഭിക്കാൻ സൗകര്യം ചെയ്തു കൊടുത്തു. 13 എണ്ണം ഉടമസ്ഥർക്കുതന്നെ തിരികെ ഏൽപ്പിച്ചു.

(സി) ടെൻഡറിൽ ഏറ്റവും കൂടിയ റേറ്റ് വാഗ്ദാനം ചെയ്തവരുമായി നെഗോഷ്യയേറ്റ് ചെയ്ത് പരമാവധി തുക ഉറപ്പു വരുത്തിയാണ് കൈമാറ്റം ചെയ്തത്. ഇവയുടെ എണ്ണം 41 ആണ്.

LIBRARY ARCHIVES Kerala Legislative Assembly